# കേരളകൗമുദി

**Oct 2 2016**


# സമുദ്രകൃഷി ഇനി ജനകീയമാകും: മത്സ്യോൽപാദനം കൂട്ടാൻ പദ്ധതിയുമായി സിഎംഎഫ്ആർഐ

കൊച്ചി: കടലിൽ നിന്ന് മീനുകൾ ലഭിക്കുന്നതിൽ കുറവ് വന്നതുമൂലമുള്ള പ്രതിസന്ധി മറികടക്കാൻ മത്സ്യോൽപാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സമുദ്രകൃഷി ജനകീയമാക്കുന്നു.

സമുദ്ര കൂടുകൃഷി, സാങ്കേതികവിദ്യകളുടെ വികസനം, കർഷക സൗഹൃദ വിത്തുൽപാദന കേന്ദ്രങ്ങളുടെ വികസനം, വാണിജ്യപ്രധാന മീനുകളുടെ വിത്തുൽപാദനം തുടങ്ങിയവയിലൂടെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സമുദ്രകൃഷി ജനകീയമാക്കാനാണ് സിഎംഎഫ്ആർഐയുടെ പദ്ധതി.

രാജ്യത്ത് സമുദ്രകൃഷി വിപുലപ്പെടുത്തുന്നതിന് സിഎംഎഫ്ആർഐ നേതൃത്വം നൽകുന്ന ഓൾ ഇന്ത്യ നെറ്റ്‌വർക്ക് പ്രോജക്ടിന്റെ അവലോകന യോഗത്തിലാണ് അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതിക്ക് രൂപം നൽകിയത്. 42 കോടി രൂപയാണ് ദേശീയ കാർഷിക ഗവേഷണ കൗൺസിലിൽ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിൽ നിന്നുമുള്ള സെന്ററുകളുടെ പങ്കാളിത്തത്തോടെയാണ് സിഎംഎഫ്ആർഐ ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

സമുദ്രകൃഷിയിൽ നിലവിലുള്ള വാണിജ്യപ്രധാനമായ മത്സ്യങ്ങളായ മോത, കാളാഞ്ചി, വളവോടി എന്നിവയ്ക്ക് പുറമെ, മറ്റ് പുതിയ മത്സ്യങ്ങളുടെ കൂടി വിത്തുൽപാദന സാങ്കേതിക വിദ്യകൾ സി എം എഫ് ആർ ഐ വികസിപ്പിക്കും. മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സമുദ്ര കൂടുകൃഷി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കും. ഇതിനായി, കർഷകർക്ക് എളുപ്പത്തിൽ ഉപയോഗിക്കാവുന്ന കൃഷിസാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതോടൊപ്പം സമുദ്രകൃഷി ഗവേഷണത്തിന് മാത്രമായി ഒരു മികവിന്റെ കേന്ദ്രവും സ്ഥാപിക്കും. മത്സ്യ കൂടുകൃഷി ജനകീയമാക്കുന്നതിന് ഓരോ പ്രദേശങ്ങളിലെയും സാഹചര്യങ്ങൾക്ക് അനുയോജ്യമായ അനുയോജ്യമായ മീനുകളെ കണ്ടെത്തുന്നതിന് സർവ്വേ നടത്തും. പുതിയ മീനുകളുടെ വിത്തുൽപദാനം നടത്തുന്നതിനായി ഹാച്ചറി സാങ്കേതികവിദ്യ വികസിപ്പിക്കും.